# ക്രൈസ്തവവിശ്വാസ പ്രഖ്യാപനം – 2

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തിന്റെ രണ്ടാം ഉപവിഭാഗത്തിലെ രണ്ടാം അദ്ധ്യായം ദൈവത്തിന്റെ ഏക പുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസ പ്രഖ്യാപനമാണ്. ഈ അദ്ധ്യായത്തിൽ രണ്ടു മുതൽ ഏഴുവരെയുള്ള വകുപ്പുകളിലായി ക്രിസ്തു വിജ്ഞാനീയമാണ് വിശദീകരിക്കുക. മതബോധനത്തിന്റെ അന്തസത്തയായി അവതരിപ്പിക്കുക യേശു ക്രിസ്തുവിനെയാണ്. മതബോധനം നടത്തുക എന്നാൽ സനാതനവും സാർവ്വത്രികവുമായ ദൈവിക രക്ഷാപദ്ധതിയെ ക്രിസ്തു എന്ന വ്യക്തിയിൽ അനാവരണംചെയ്യുക എന്നതാണ്. ക്രിസ്തുവിന്റെ പ്രവൃത്തികളുടെയും വാക്കുകളുടെയും അവിടുന്നു പ്രവർത്തിച്ച അടയാളങ്ങളുടെയും അർത്ഥം ഗ്രഹിക്കുവാനുള്ള ശ്രമമാണു മതബോധനം. മനുഷ്യരെ ക്രിസ്തുവുമായുള്ള ഐക്യത്തിൽ കൊണ്ടുവരിക എന്നതാണു മതബോധനത്തിന്റെ ലക്ഷ്യം (426). ക്രിസ്തുവിന്റെ സദ്വാർത്ത അറിയിക്കാൻ വിളിക്കപ്പെട്ട ആൾ ആദ്യമായി യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് സ്വന്തമാക്കേണ്ട തുണ്ട്. ഈ അറിവാണു ക്രിസ്തുവിനെ പ്രഘോഷിക്കുവാനും സദ്വാർത്ത അറിയിക്കുവാനും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു മറ്റുള്ളവരെ നയിക്കുവാനുമുള്ള ആഗ്രഹം നമ്മിൽ ജനിപ്പിക്കുക. ഈ അറിവ് സ്വന്തമാക്കാൻ ഈ അദ്ധ്യായം പഠിതാവിനെ സഹായിക്കുന്നു.

അവതരിച്ച വചനമായ യേശുക്രിസ്തുവിനെ സൂചിപ്പിക്കാൻ പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന യേശു, ക്രിസ്തു, ദൈവത്തിന്റെ ഏകപുത്രൻ, കർത്താവ് എന്നീ നാലു നാമങ്ങളെക്കുറിച്ചുള്ള വിശദീകരണം മതബോധനഗ്രന്ഥം നല്കുന്നു. ‘യേശു’ എന്ന നാമത്തിന്റെ അർത്ഥം ദൈവം രക്ഷിക്കുന്നു എന്നും ‘ക്രിസ്തു’ എന്ന അഭിധാനത്തിന്റെയർത്ഥം, ‘അഭിഷിക്തൻ’ ‘മിശിഹാ’ എന്നും ‘ദൈവപുത്രൻ’ എന്ന വിശേഷണം യേശു ക്രിസ്തുവിനു തന്റെ പിതാവായ ദൈവത്തോടുള്ള അനന്യവും സനാതനവുമായ ബന്ധത്തെയും ‘കർത്താവ്’ എന്ന നാമം ദൈവിക പരമാധികാരത്തെയും സൂചിപ്പിക്കുന്നു (452–455).

സമയത്തിന്റെ പൂർണ്ണതയിൽ നമ്മുടെ രക്ഷക്കുവേണ്ടി ദൈവത്തിന്റെ ഏകപുത്രൻ മനുഷ്യനായി അവതരിച്ചതിനെക്കുറിച്ചും, മനുഷ്യാവതാരം വഴി ഏകവ്യക്തിയിൽ ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും തമ്മിൽ നടന്ന അത്ഭുതകരമായ സംയോജനത്തെ

ക്കുറിച്ചുമുള്ള സഭയുടെ വിശ്വാസ പ്രബോധനം മതബോധനഗ്രന്ഥം വിശദീകരിക്കുന്നു (456–483). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ദൈവപുത്രൻ കന്യകാമറിയത്തിൽ നിന്നു ജനിച്ചതെന്ന സഭയുടെ പ്രബോധനത്തിന്റെ വിശദീകരണം മതബോധനഗ്രന്ഥം നല്കുന്നു (484–507). ഒരേസമയം കന്യകയും മാതാവുമായ മറിയം സഭയുടെ പ്രതീകവും അത്യുത്തമ സാക്ഷാത്ക്കാരവുമായി മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. “തന്റെ അനുസരണം മൂലം മറിയം, ജീവിക്കുന്ന എല്ലാവരുടെയും അമ്മയായ നവീന ഹവ്വാ ആയി” (511) . മറിയത്തിനു മറ്റു സന്താനങ്ങൽ ഉണ്ടായികുന്നു എന്നു ചില ബൈബിൾ പരാമർശങ്ങളുയർത്തി (മർക്ക. 3/31–35; 6/3) പറയുന്നതിന്റെ നിരർത്ഥകത മതബോധനഗ്രന്ഥം വിശദീകരിക്കുന്നു (499–501).

യേശുവിന്റെ രഹസ്യജീവിതത്തിന്റെയോ പരസ്യജീവിതത്തിന്റെയോ രഹസ്യങ്ങളെപ്പറ്റി വിശ്വാസപ്രമാണത്തിൽ വ്യക്തമായി വിശദീകരിക്കുന്നില്ലെങ്കിലും അവിടുത്തെ മനുഷ്യവതാര ത്തെയും പെസാഹായെയുംകുറിച്ചുള്ള പ്രബോധനങ്ങൾ അവിടുത്തെ ഭൗമിക ജീവിതം മുഴുവനെക്കുറിച്ചുമുള്ള വ്യക്തമായ ചില സൂചനകൾ നല്കുന്നു. അതിനാൽ യേശുവിന്റെ ജനനത്തിന്റെ ആരംഭം മുതൽ അവിടുത്തെ സ്വർഗ്ഗാരോഹണം വരെയുള്ള കാലഘട്ടത്തിൽ അവിടുന്നു പ്രവർത്തിച്ചതും പഠിപ്പിച്ചതുമായ കാര്യങ്ങൾ യേശുവിന്റെ ജനനത്തിന്റെയും പെസഹായുടെയും രഹസ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം മനസ്സിലാക്കേണ്ടതെന്ന് മതബോധനഗ്രന്ഥം നിർദ്ദേശിക്കുന്നു(512). തുടർന്ന് ഈശോയുടെ ജനനം, അവിടുത്തെ ബാല്യം, രഹസ്യജീവിതം, പരസ്യജീവിതം, പീഡാസഹനം, കുരിശു മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവ് തുടങ്ങിയ ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളെല്ലാം വിശദീകരിക്കുന്നു. അവിടുത്തെ രണ്ടാമത്തെ വരവ് “ഒരോ മനുഷ്യനും അവന്റെ പ്രവൃത്തികൾക്ക് അനുസൃതമായും കൃപാവരത്തിന്റെ സ്വീകരണത്തിനോ തിരസ്കരണത്തിനോ അനുസൃതമായും പ്രതിഫലം നൽകാനാണ്” (682).

രണ്ടാം ഉപവിഭാഗത്തിലെ മൂന്നാം അദ്ധ്യായത്തിൽ എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള വകുപ്പുകളിലായി പരിശുദ്ധാത്മാവിനെക്കുറിച്ചും സഭയെക്കുറിച്ചും പ്രതിപാദിക്കുന്നു. പരിശുദ്ധാത്മാവിന്റെ പേരിന്റെ വിവിധ അർത്ഥങ്ങൾ, പ്രതീകങ്ങൾ സഭയും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം ഇവയെല്ലാം മതബോധനഗ്രന്ഥം വിശദീകരിക്കുന്നു. “പരിശുദ്ധാത്മാവിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം, പരിശുദ്ധാത്മാവു പരിശുദ്ധത്രിത്വത്തിലെ ഒരു വ്യക്തിയാണെന്ന്, പിതാവിനോടും

പുത്രനോടും ഏകസത്തയായ വ്യക്തിയാണെന്ന്, പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനും മഹത്വീകരിക്കപ്പെടുന്നവനും ആണെന്ന് ഏറ്റുപറയുക എന്നതാണ്" (685).

ഒൻപതാം വകുപ്പ് കത്തോലിക്കാസഭയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയാണ് ഇവിടെ പ്രധാനമായും വിശദീകരണത്തിനായി സ്വീകരിച്ചിരിക്കുന്നത്. സഭയുടെ ഉത്ഭവം; സ്ഥാപനം; ദൗത്യം, സഭ: ദൈവജനം; ക്രിസ്തുവിന്റെ ശരീരം; പരിശുദ്ധാത്മാവിന്റെ ആലയം, സഭ ഏകമാണ്; സഭ വിശുദ്ധമാണ്; സഭ കാതോലികമാണ്; സഭ അപ്പസ്തോലികമാണ്; സഭയുടെ ഹയരാർക്കിക ഘടന, തുടങ്ങിയവയെല്ലാം വിശദീകരിക്കുന്നു. മതബോധനഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്ത് സുഖപ്പെടുത്തലിന്റെ കൂദാശകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതിനാൽ ഒന്നാംഭാഗത്തിൽ പാപങ്ങളുടെ മോചനത്തെക്കുറിച്ചുള്ള സംക്ഷിപ്തവിവരണം മാത്രമാണ് നല്കിയിരിക്കുന്നത്. തുടർന്ന് ശരീരത്തിന്റെ ഉയിർപ്പ്, നിത്യജീവൻ തനതുവിധി, സ്വർഗ്ഗം, ശുദ്ധീകരണസ്ഥലം, നരകം അന്ത്യവിധി എന്നിവയെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ വിശദമായി പ്രതിപാദിക്കുന്നു.